/472650/2023

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, തിരുവനന്തപുരം

നമ്പർ: DT/426/2023-C1-Part(2) തീയതി: 05-09-2023

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലനവകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ സെക്ഷൻ - ഐടിഐ അഡ്മിഷൻ 2023 - സർക്കാർ/SCDD/STDD/സ്വകാര്യ ഐടിഐകളിലെ NCVT ട്രേഡുകളിലെ പ്രവേശനവുമായി ബന്ധപ്പെട്ട ഷെഡ്യൂൾ പുനഃക്രമീകരിച്ച് പ്രസിദ്ധീകരിക്കുന്നത്- സംബന്ധിച്ച്

സൂചന:- 1. ഡയറക്ടറുടെ 27.04.2023തീയതിയിലെ DGT-Aff011/1/2023-O/o DIR (TC) നമ്പരായ കത്ത്
2. 24.07.2023 തീയതിയിലെ DT/426/2023-C1-Part(2) നമ്പരായ ചുറ്ററിയിപ്പ്
3. ഡയറക്ടറുടെ 04.09.2023 തീയതിയിലെ DGT-Aff011/1/2023-O/o DIR(TC) (58345) നമ്പരായ കത്ത്
4. 23.06.2023 ലെ SSDEC യോഗ നടപടികുറിപ്പ്

***********

2023 വർഷത്തെ ഐടിഐ അഡ്മിഷനുമായി ബന്ധപ്പെട്ട് സൂചന (1) പ്രകാരം DGT പുറപ്പെടുവിച്ചിരുന്ന സമയക്രമത്തിന്റെ അടിസ്ഥാനത്തിൽ, വകുപ്പ് സൂചന (2) പ്രകാരം അഡ്മിഷൻ ഷെഡ്യൂൾ പ്രസിദ്ധീകരിച്ചിരുന്നു. നിലവിൽ ഐടിഐകളിൽ അഡ്മിഷൻ പൂർത്തിയാകാത്തതിനാൽ 2023 വർഷത്തെ അഡ്മിഷൻ ക്ലോസിംഗ് തീയതി സൂചന (3) പ്രകാരം DGT 23.09.2023 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. DGT പുറപ്പെടുവിച്ചിരുന്ന സമയപരിധിക്കുള്ളിൽ സർക്കാർ ഐടിഐകളിലെ അഡ്മിഷൻ ക്ലോസിംഗ് തീയതി കഴിഞ്ഞു 7 ദിവസത്തിനു ശേഷം പ്രൈവറ്റ് ഐടിഐകളിലെ അഡ്മിഷൻ ക്ലോസിംഗ് നടത്തിയാൽ മതിയാകും എന്ന് സൂചന (4) പ്രകാരം SSDEC തീരുമാനിച്ചിട്ടുണ്ട്. ഇവ കണക്കിലെടുത്ത് സൂചന (2) പ്രകാരം പ്രസിദ്ധീകരിച്ച 2023 വർഷത്തെ NCVT ട്രേഡുകളിലെ അഡ്മിഷൻ ഷെഡ്യൂൾ ചുവടെ രേഖപ്പെടുത്തും പ്രകാരം പുനഃക്രമീകരിക്കുന്നു.

| Sl. No | Activities | Time line | Responsibility |
|---|---|---|---|
| 1 | Starting of Application | 16.06.2023 | Applicants |
| 2 | Last date of Application | 25.07.2023 | Applicants |

472650/2023

| | | | |
|---|---|---|---|
| 3 | Verification | Up to 26.07.2023 5.00 PM | Govt. ITIs |
| 4 | Master Rank list publishing | 31.07.2023, 3.00 PM | IT Cell |
| 5 | Rank list/Select list publishing by ITIs | 03.08.2023, 3.00 PM | Govt. ITIs |
| 6 | Starting date of Admission | 07.08.2023 | Govt. ITIs |
| **7** | **Last Date of admission in Government ITIs** | **16.09.2023, 5.00 PM** | **Govt. ITIs** |
| **8** | **Last Date of admission in SCDD/ STDD/Private ITIs** | **23.09.2023, 5.00 PM** | **SCDD/STDD/Private ITIs** |
| **9** | **Admission closing by officials in Government ITIs** | **18.09.2023** (With effect from 16.09.2023) | **Department officials** |
| **10** | **Admission closing by officials in SCDD/ STDD/Private ITIs** | **25.09.2023** (With effect from 23.09.2023) | **Department officials** |
| **11** | **Starting of Training** | **25.09.2023** | **Govt./SCDD/STDD/Private ITIs** |
| **12** | **Data entry and locking process completion in Jalakam Portal by Govt. ITIs** | **20.09.2023** | **Govt. ITIs** |
| **13** | **Data entry and locking process completion in Jalakam Portal by SCDD/STDD/Pvt.ITIs** | **26.09.2023** | **SCDD/STDD/Private ITIs** |
| **14** | **Approval by admission closing officials in Jalakam Portal of Govt. ITIs** | **23.09.2023** | **Department officials** |
| **15** | **Approval by admission closing officials in Jalakam Portal of SCDD/STDD/Pvt.ITIs** | **28.09.2023** | **Department officials** |

2023 വർഷം മുതൽ NCVT MIS പോർട്ടലിൽ നിന്നും മാറി Skill India Digital Plat form അഥവാ SID പോർട്ടലിലേക്കാണ് ട്രെയിനികളുടെ ഡാറ്റാ migrate ചെയ്യുന്നതെന്നും ആയതിന്റെ പ്രാരംഭ നടപടികൾ നടന്നു വരുന്നതായും DGT അറിയിച്ചിട്ടുണ്ട്. ഇതിലേക്ക് ആധാർ നമ്പർ നിർബന്ധമാണ്. ട്രെയിനികളുടെ ഡാറ്റാ മൈഗ്രേറ്റ് ചെയ്തതിനു ശേഷം ട്രെയിനികൾ eKYC ആണ് verify ചെയ്യേണ്ടി വരുമെന്നതിനാൽ അവരവരുടെ ആധാർ നമ്പർ കൃത്യതയോടെ ജാലകം പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുണ്ട്. ആധാർ ഏതു മൊബൈൽ നമ്പറുമായാണോ ലിങ്ക് ചെയ്തിട്ടുള്ളത് അതിൽ ലഭിക്കുന്ന OTP, SID പോർട്ടലിൽ രേഖപ്പെടുത്തിയാൽ മാത്രമേ ട്രെയിനികൾക്ക് eKYC വെരിഫിക്കേഷൻ സാധ്യമാകുകയുള്ളൂ. ആരുടെയെങ്കിലും മൊബൈൽ

നമ്പറുമായി ആധാർ നമ്പർ ഇനിയും ലിങ്ക് ചെയ്തിട്ടില്ല എങ്കിൽ അവരോട് തൊട്ടടുത്തുള്ള അക്ഷയ സെന്ററുകൾ വഴിയോ ആധാർ അപ്ഡേറ്റിംഗ് കേന്ദ്രങ്ങൾ വഴിയോ ഇതിനായി അംഗീകരിച്ചിട്ടുള്ള പോസ്റ്റ് ഓഫീസുകൾ വഴിയോ അവരവരുടെ മൊബൈൽ നമ്പർ ആധാറുമായി ലിങ്ക് ചെയ്യണമെന്നുള്ള സന്ദേശം അടിയന്തിരമായി നൽകേണ്ടതാണ്. ട്രെയിനിയുടെ പേര്, ജനന തീയതി, അച്ഛന്റെ പേര്, അമ്മയുടെ പേര്, ഫോട്ടോ എന്നിവ ആധാർ സെർവറിൽ നിന്നും SID പോർട്ടലിലേക്ക് നേരിട്ട് ശേഖരിക്കുവാൻ സാധ്യതയുള്ളതിനാൽ ആധാറിലെ വിവരങ്ങൾ SSLC പ്രകാരം കൃത്യമായിരിക്കണം. നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിൽ ഉൾക്കൊള്ളിക്കുന്ന ഫോട്ടോയും ആധാർ സെർവറിൽ നിന്ന് ശേഖരിക്കുവാൻ സാധ്യതയുള്ളതിനാൽ നിലവിലുള്ളതും വ്യക്തവുമായ ഫോട്ടോ കൂടി കൃത്യമായും ആധാറിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. ആയതിനാൽ ടി വിവരങ്ങൾ ഇപ്പോൾ അഡ്മിഷൻ എടുത്തിട്ടുള്ള ട്രെയിനികളോടും ഇനി അഡ്മിഷൻ എടുക്കാൻ വരുന്ന ട്രെയിനികളോടും കൃത്യമായി അറിയിക്കേണ്ടതാണ്.

Skill India Digital Plat form (SID പോർട്ടലിൽ) ലേക്ക് ട്രെയിനികളുടെ വിവരങ്ങൾ ഉൾക്കൊള്ളിക്കുന്ന നടപടികളുടെ തുടക്കമായതിനാൽ ഇതുമായി ബന്ധപ്പെട്ട് തുടർ നിർദ്ദേശങ്ങൾ DGTയിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ആയതിനാൽ മുൻ വർഷങ്ങളിൽ MIS പോർട്ടലിൽ വിവരങ്ങൾ ഉൾക്കൊള്ളിക്കുവാൻ ചെയ്ത നടപടികൾ വീഴ്ച വരുത്താതെ ഈ വർഷവും ചെയ്യേണ്ടതുണ്ടെന്ന് അറിയിക്കുന്നു. സൂചന (1), (2), (3) എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ട് അഡ്മിഷൻ നടപടികൾ പൂർത്തിയാക്കണമെന്നും അറിയിക്കുന്നു. അഡ്മിഷൻ ക്ലോസിംഗ് വീണ്ടും ദീർഘിപ്പിക്കുകയില്ലെന്ന് സൂചന (3) പ്രകാരം അറിയിച്ചിട്ടുള്ളതിനാൽ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള അവസാന തീയതിക്കുള്ളിൽ മുഴുവൻ സീറ്റുകളിലും ട്രെയിനികളെ പ്രവേശിപ്പിക്കുന്നതിന് വേണ്ട നടപടികൾ എല്ലാ ഐടിഐ പ്രിൻസിപ്പാൾമാരും സ്വീകരിക്കേണ്ടതാണ് .

ജാലകം പോർട്ടലിൽ ട്രെയിനികളുടെ വിവരങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കേണ്ടതും, പുതിയ ട്രെയിനികളുടെ വിവരങ്ങൾ ഉൾപെടുത്തേണ്ടതുണ്ടെങ്കിൽ ആയവ ഉൾപ്പെടുത്തുന്നതുമായ ഡാറ്റ എൻട്രി ജോലികൾ അഡ്മിഷൻ നടപടികളോടൊപ്പം നിർവ്വഹിക്കേണ്ടതാണെന്ന് അറിയിക്കുന്നു.. ആയതിന് പ്രിൻസിപ്പാൾമാർ പ്രത്യേകം ടീമിനെ നിയോഗിക്കേണ്ടതാണ്. ട്രെയിനികളുടെ വിവരങ്ങൾ ജാലകം പോർട്ടലിൽ ഉൾപ്പെടുത്തുമ്പോൾ, MIS പോർട്ടലിലെ ഐടിഐ പ്രൊഫൈൽ പരിശോധിച്ച് കറന്റ് സെഷനിലെ shift, unit എന്നിവയായിരിക്കണം രേഖപ്പെടുത്തേണ്ടത്. Data migration - ന്റെ മുന്നോടിയായിട്ടുള്ള പ്രവർത്തികളായതിനാൽ ജാലകം അഡ്മിഷൻ പോർട്ടലിൽ ഉൾപ്പെടുത്തുന്ന വിവരങ്ങളിൽ

അപാകതയില്ല എന്ന് ഉറപ്പ വരുത്തേണ്ടത് ഐടിഐ പ്രിൻസിപ്പാൾമാരുടെ ഉത്തരവാദിത്വമാണ്. ഡാറ്റ മൈഗ്രേഷന് വളരെ ചുരുക്കം സമയമേ DGT അനുവദിക്കാറുള്ളൂ. ആകയാൽ എല്ലാ പ്രിൻസിപ്പാൾമാരും ഈ ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്ന സമയക്രമം കൃത്യമായും പാലിച്ച് അഡ്മിഷൻ നടപടി പൂർത്തിയാക്കേണ്ടതാണ്.

വ്യാവസായിക വകുപ്പിന് കീഴിലുള്ള സർക്കാർ ഐടിഐ കളിലെ NCVT ട്രേഡുകളിൽ ഓൺലൈൻ മുഖേനെയുള്ള അപേക്ഷകൾ പരിഗണിച്ചതിനു ശേഷവും സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെങ്കിൽ ടി ഒഴിവുകൾ നികത്തുന്നതിനായി പുതിയതായി (ഓഫ് ലൈനായി) അപേക്ഷ ക്ഷണിക്കേണ്ടതാണ്. ഇപ്രകാരമുള്ള അപേക്ഷകൾ 13.09.2023 വരെ സ്വീകരിക്കാവുന്നതും തുടർന്ന് അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്. പുതിയതായി അപേക്ഷകൾ ക്ഷണിക്കുന്നത് സംബന്ധിച്ച് പരസ്യങ്ങൾ ദൃശ്യ/ശ്രാവ്യ/അച്ചടി മാധ്യമങ്ങളിലൂടെ പ്രാദേശികമായി നൽകേണ്ടതാണ്. SC/ST വിഭാഗങ്ങളിലെ സംവരണ സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയാണെങ്കിൽ ആയതിലേക്ക് പ്രത്യേകം പരസ്യം നൽകേണ്ടതാണ്.

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ് :-

1. എല്ലാ പ്രിൻസിപ്പാൾമാർക്കും (സർക്കാർ/SCDD /STDD/പ്രൈവറ്റ്)
2. എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്മാർക്ക്

പകർപ്പ് :-

1. ഡയറക്ടർ, പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന വകുപ്പ്
2. വകുപ്പ് വെബ് സൈറ്റിലേക്ക്
3. മാനേജർ ഇ-ഗവേണൻസ്, ഐ ടി സെൽ ( ഐടിഐകൾക്ക് ഡാറ്റ എൻട്രി ജോലികൾക്കായി ജാലകം പോർട്ടൽ open ആക്കേണ്ടതാണ് )